**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2420** **02-08-2021 - ൽ മറുപടിയ്ക്ക്**

**കഞ്ഞിക്കുഴിയിലെ ഫ്ലൈ ഓവർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം നഗരത്തിൽ കഞ്ഞിക്കുഴിയിലെ ഫ്ലൈ ഓവർ പദ്ധതി നടപ്പിലാക്കുന്നതിന് 40 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടും പ്രസ്തുത പ്രവൃത്തിയിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രോജക്ടിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ? | (എ) | പ്രസ്തുത പ്രവൃത്തിയ്ക്ക് 04/12/2015 ലെ ജി.ഒ (ആർ.ടി)നം. 1804/2015/പി.ഡബ്ല്യൂഡി പ്രകാരം 3071 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചെങ്കിലും ഫണ്ടിംഗ് ഏജൻസിയായ കെ.ആർ.എഫ്.ബി-യുടെ ഫണ്ടിന്റെ അപര്യാപ്തതയും ലാന്റ് അക്വിസിഷൻ പ്രൊവിഷൻ ഇല്ലാത്തതിനാലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. നിലവിൽ കേന്ദ്ര റോഡ് ഗതാഗതഹൈവേ മന്ത്രാലയത്തിന്റെ ആന്വൽ പ്ലാൻ 2021-22-ലെ അംഗീകാരം ലഭിച്ച പട്ടികയിൽ കഞ്ഞിക്കുഴി ഫ്ലൈഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുപ്പിനായി 20 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ